അന്തർ സംസ്ഥാന റോഡുകളുടെ പണി

22 [2194] ശ്രീ. ഗോപി കോട്ടമുറിക്കൽ:
,, എം. ദാസൻ:
,, എം. ആർ. ഗോപാലകൃഷ്ണൻ:
ശ്രീമതി നബീസാ ഉമ്മാൾ:
ശ്രീ. സി. കെ. രജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം അന്തർ സംസ്ഥാന റോഡുകളുടെ പണി സംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും അന്തർ സംസ്ഥാന റോഡുകളുടെ പണി ഇപ്പോൾ നടക്കുന്നുണ്ടോ;

(സി) എങ്കിൽ അവയുടെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) രണ്ടു റോഡുകൾ നാഷണൽ ഹൈവേകളായി പ്രഖ്യാപിക്കാനും മൂന്ന് റോഡുകൾ അന്തർ സംസ്ഥാന റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തുവാനും ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പൊതുമരാമത്തു വകുപ്പിൽ നിയമനം ലഭിച്ച പട്ടികജാതി–പട്ടികവർഗ്ഗക്കാർ

23 [2216] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പൊതുമരാമത്തു വകുപ്പിൽ വിവിധ തസ്തികകളിലായി എത്ര പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്;

(ബി) തസ്തിക തിരിച്ച് പ്രതിവർഷം എത്ര പട്ടികജാതി–പട്ടിക വർഗ്ഗക്കാരെ നേരിട്ട് നിയമിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന പൊതുമരാമത്തു വകുപ്പിൽ പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ എത്ര ഒഴിവുകളിൽ ഇനിയും നിയമനം നടത്താനുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി, സി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly